**No. CEE/4600/2019/KEAM-2020/TA4**

GOVERNMENT OF KERALA
OFFICE OF THE COMMISSIONER FOR ENTRANCE EXAMINATIONS
Housing Board Buildings, Santhi Nagar, Thiruvananthapuram – 695 001

# NOTIFICATION

## KERALA ENGINEERING/PHARMACY/ARCHITECTURE/MEDICAL&MEDICAL ALLIED COURSES (KEAM- 2020)
## CANDIDATES CAN VERIFY THEIR PROFILE AND RECTIFY THE DEFECTS

Candidates who have submitted online application to the Commissioner for Entrance Examinations for the admission to Kerala Engineering/Pharmacy/Architecture/Medical & Medical allied courses (KEAM-2020) can verify their profile and rectify the defect if any, from **11.05.2020** onwards. Candidates can view their profile page through the link **'KEAM-2020 Candidate Portal'** provided in the website www.cee.kerala.gov.in by giving their Application Number and Password. Candidates can also verify the allowed details of their claim such as personal details, reservation status and other benefits in the profile. Those candidates, who have any defects in their online applications can view the defects by clicking the menu item **'Memo details'** provided in the profile page. **If any claim requires multiple documents /pages that should be merged into a single PDF page before uploading and upload as a single file.** Candidates can rectify the defects in their Online Application within the time schedule mentioned below.

| | |
|---|---|
| Last date for uploading photo, Signature in the case there is defects in photo and signature | **25.05.2020, 5.00 pm** |
| Last date for Online payment of Balance application Fee, if any | |
| Last date for submission of requests to the Office of the CEE by post or e-mail for the rectification of personal details | |
| Last date for uploading of rectified documents/certificates. | **31.05.2020, 5.00 pm** |

Candidates who have complaints, if any regarding the details shown in the profile page can sent their complaints through e-mail (ceekinfo@cee.kerala.gov.in) / by Post to the Office of the CEE, 5th floor, Housing Board Building, Santhi Nagar, Trivandrum before 5.00 pm on 25th May 2020. **Do not send the printout of any documents/certificates to the Office of CEE for any reservation/claim.**

**Help line Number: 0471-2525300**

Sd/-

Thiruvananthapuram
11.05.2020

**COMMISSIONER FOR ENTRANCE EXAMINATIONS**

<u>No. CEE/4600/2019/KEAM-2020/TA4</u>

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം (കീം–2020) ഓൺലൈൻ അപേക്ഷയുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമുള്ള അവസരം

2020–21 വർഷത്തെ കേരള എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ പരിശോധിക്കുന്നതിനും അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനുമുള്ള അവസരം **11.05.2020 തീയതി മുതൽ** ലഭ്യമാകുന്നതാണ്. **പ്രവേശന പരീക്ഷാ കമ്മീഷണറുടെ** **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM-2020 Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്വേഡും നൽകി ലോഗിൻ ചെയ്യുമ്പോൾ അപേക്ഷകന്റെ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്. അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ അപേക്ഷയിൽ അനുവദിച്ചിട്ടുള്ള വ്യക്തിഗത വിവരങ്ങൾ, സംവരണം/ മറ്റ് ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ദൃശ്യമാകുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം പ്രൊഫൈൽ പേജിൽ ലഭ്യമായ **'Memo Details'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്താൽ ന്യൂനതകൾ സംബന്ധിച്ച വിവരങ്ങൾ ദൃശ്യമാകുന്നതാണ്. **<u>ഏതെങ്കിലും ന്യൂനതകൾ പരിഹരിക്കുന്നതിന് ഒന്നിലധികം സർട്ടിഫിക്കറ്റുകൾ ആവശ്യമായി വന്നാൽ അപ്ലോഡ് ചെയ്യുന്നതിനു മുമ്പായി അത്തരം സർട്ടിഫിക്കറ്റുകൾ എല്ലാം ഒരുമിച്ച് ഒറ്റ പി.ഡി.എഫ് ഫയലാക്കിയതിനു ശേഷം മാത്രമേ അപ്ലോഡ് ചെയ്യാൻ പാടുള്ളു.</u>** അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന രീതിയിൽ സമയം അനുവദിക്കുന്നതാണ്.

| | |
|---|---|
| ഫോട്ടോഗ്രാഫ്, ഒപ്പ്, എന്നിവയിൽ ന്യൂനതയുണ്ടെങ്കിൽ ഓൺലൈനായി അപ്ലോഡ് ചെയ്യേണ്ട അവസാന തീയതി | 25.05.2020, 5.00 മണി |
| കുടിശ്ശികയുള്ള അപേക്ഷാ ഫീസ് ഓൺലൈനായി അടയ്ക്കേണ്ട അവസാന തീയതി | |
| പ്രൊഫൈൽ പേജിൽ ദൃശ്യമായിട്ടുള്ള വ്യക്തിഗത വിവരങ്ങളിൽ തിരുത്തൽ ആവശ്യമെങ്കിൽ ആയതിന്റെ വിശദാംശം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഇമെയിലിലോ തപാലിലോ എത്തിക്കേണ്ട അവസാന തീയതി | |
| ഓൺലൈനായി സമർപ്പിച്ച അനുബന്ധരേഖകളിലോ സർട്ടിഫിക്കറ്റിലോ അപാകതയുണ്ടെങ്കിൽ അപാകത പരിഹരിച്ച രേഖ ഓൺലൈനായി സമർപ്പിക്കേണ്ട അവസാന തീയതി | 31.05.2020, 5.00 മണി |

അപേക്ഷകരുടെ പ്രൊഫൈൽ പേജിൽ ദൃശ്യമായ വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉള്ളവർ ആയതിന്റെ വിശദാംശം **2020 മെയ് 25 വൈകുന്നേരം 5.00 മണിയ്ക്കകം** പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5–ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം എന്ന വിലാസത്തിൽ തപാൽ മുഖേനയോ ഇമെയിലോയോ (ceekinfo@cee.kerala.gov.in) എത്തിക്കേണ്ടതാണ്. അനുബന്ധ രേഖകളോ സർട്ടിഫിക്കറ്റുകളോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.

**ഹെൽപ്പ് ലൈൻ നമ്പർ : 0471 2525300**

തിരുവനന്തപുരം
11.05.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**